# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

**എഡിറ്റിംങ് നടത്തി അപേക്ഷ പൂർത്തീകരിക്കാത്തതുമായി ബന്ധപ്പെട്ട്.**

2024-2025 അധ്യായന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ മൂന്നാം അല്ലോട്മെന്റിനെ തുടർന്നുള്ള പ്രവേശനത്തിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള സപ്ലിമെന്ററി അലോട്മെന്റ്/ റാങ്ക് ലിസ്റ്റ് എന്നിവയിലേക്ക് പരിഗണിക്കപ്പെടുന്നതിനായി 15.07.2024 മുതൽ 18.07.2024, 5.00 PM വരെ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല എഡിറ്റിങ് സൗകര്യം അനുവദിച്ചിരുന്നു. വിശദമായ വിവരങ്ങൾ 15.07.2024 ലെ പത്രക്കുറിപ്പിൽ ലഭ്യമാക്കിയിട്ടുള്ളതാണ്.

അപേക്ഷയിയിൽ തിരുത്തലുകൾ വരുത്തുകയാണെങ്കിൽ അപേക്ഷ പൂർത്തീകരിക്കേണ്ടതും പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കേണ്ടതും അതത് വിദ്യാർത്ഥികളുടെ ഉത്തരവാദിത്തമാണ്. എഡിറ്റിംങ് സൗകര്യം ഉപയോഗിച്ച വിദ്യാർത്ഥികളെ, എഡിറ്റ് ചെയ്ത് അപേക്ഷ പൂർത്തീകരിച്ചാൽ മാത്രം സപ്ലിമെന്ററി അല്ലോട്മെന്റുകൾക്ക്/ റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുകയുള്ളു എന്ന് സർവ്വകലാശാല നിർദേശം നല്കിയിട്ടുള്ളതാണ്. നിരവധി വിദ്യാർഥികൾ എഡിറ്റിങ് സൗകര്യം ഉപയോഗിക്കുകയും എന്നാൽ അപേക്ഷ പൂർത്തീകരിക്കാത്തതുമായ സാഹചര്യമാണ് നിലവിലുള്ളത്.

എഡിറ്റിങ് സൗകര്യം ഉപയോഗിക്കുകയും എന്നാൽ അപേക്ഷ പൂർത്തീകരിക്കാത്തതുമായ വിദ്യാർത്ഥികൾക്ക് അപേക്ഷ പൂർത്തീകരിക്കുന്നതിനുള്ള സൗകര്യം സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികൾ 23.07.2024 ന് ഉച്ചയ്ക്ക് 2 മണിക്കുള്ളിൽ ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതും പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം അപേക്ഷ പൂർത്തീകരിക്കാത്ത വിദ്യാർത്ഥികൾക്ക് മാത്രമേ പ്രസ്തുത സമയത്ത് സ്റ്റുഡന്റ് ലോഗിൻ ലഭ്യമാവുകയുള്ളൂ. അപേക്ഷ പൂർത്തീകരിക്കാത്ത പക്ഷം പ്രസ്തുത വിദ്യാർത്ഥികളെ സപ്ലിമെന്ററി അലോട്മെന്റുകളിലേക്കോ റാങ്ക് ലിസ്റ്റുകളിലേക്കോ പരിഗണിക്കുന്നതായിരിക്കില്ല.

കൂടുതൽ വിവരങ്ങൾക്ക് https://admission.uoc.ac.in/admission?pages=ug സന്ദർശിക്കുക

CU Campus
22.07.2024

(ഒപ്പ്)
ഡയറക്ടർ